

>> ഖുത്ബ

സയ്യിദ് ജലാലുദ്ദീൻ അൻസ്വർ ഉമരി

# അല്ലാഹുവിന്റെ മാർഗത്തിൽ യുക്തിപൂർവം പ്രവർത്തിക്കുക

(ദൽഹി ഇശാഅത്തെ ഇസ്‌ലാം മസ്ജിദിൽ നടത്തിയ ഖുത്ബയുടെ സംഗ്രഹം)

**അല്ലാഹു** നമുക്ക് കാണിച്ച് തന്ന യഥാർഥ ജീവിത വഴിയിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ ജീവിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ നിയോഗ ദൗത്യം. യുക്തിപൂർവം സദുപദേശങ്ങളിലൂടെ നടക്കേണ്ട ഈ പ്രവർത്തനം നാം മുഖേന സമൂഹത്തിൽ എപ്പോഴും തുടർന്നു കൊണ്ടിരിക്കേണ്ടതുണ്ട്. ബുദ്ധിപൂർവകവും മാന്യവും സൂക്ഷ്മവുമായിരിക്കുക എന്നതാണ് യുക്തിഭദ്രമായ പ്രബോധന പ്രവർത്തനങ്ങൾ കൊണ്ട് അർഥമാക്കുന്നത്. യുക്തിദീക്ഷയോടുള്ള ദീനീ പ്രവർത്തനം ദീനിന്റെ അടിസ്ഥാന തത്ത്വവും പ്രധാന ആശയവുമാണ്. മനുഷ്യ സമൂഹത്തിന്റെ സമസ്ത വിജയം ലക്ഷ്യമാക്കുന്ന ഒരു ദർശനത്തെ സംബന്ധിച്ചേടത്തോളം അതിന്റെ പ്രവർത്തനങ്ങൾ യുക്തിപൂർവമായിരിക്കുക എന്നത് ഏറെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒന്നാണ്. ഭൗതിക ലോകത്തും മരണാനന്തര ജീവിതത്തിലും യഥാർഥ വിജയം സമ്മാനിക്കുന്ന ഏക ദർശനമാണ് ഇസ്‌ലാം. ഇസ്‌ലാമിക പ്രബോധനം നടത്തുന്നവർ ഇസ്‌ലാമിനെ സുതാര്യവും വസ്തുനിഷ്ഠവും വളച്ച് കെട്ടലുകളില്ലാതെയും അവതരിപ്പിക്കാൻ ബാധ്യസ്ഥരാണ്. ഇസ്‌ലാമിക കർമങ്ങളുടെയും തത്ത്വങ്ങളുടെയും യുക്തിയും സാധ്യതകളും പൊതുസമൂഹത്തെ നാം ബോധ്യപ്പെടുത്തണം. ഗുണകാംക്ഷയില്ലാത്ത താത്വിക വിശകലനങ്ങളും സംവാദങ്ങളും നടത്തുന്നതിനേക്കാൾ ഗുണമേകുക ഇത്തരം ലളിത സംഭാഷണങ്ങളായിരിക്കും. അഭിസംബോധിതരുടെ മനസ്സിന്റെ നിലവാരമളന്ന് മനഃശാസ്ത്രപരമായി സംവദിക്കാനും നമുക്ക് കഴിയണം.

മക്കയിൽ നബിതിരുമേനി(സ) യും സ്വഹാബികളും പ്രബോധന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച കാലത്ത് പലവിധ എതിർപ്പുകളും ശക്തമായ മർദനങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. മുസ്‌ലിം സമൂഹം ന്യൂനപക്ഷവും മറുപക്ഷം ഭൂരിപക്ഷവുമായിരുന്നു അന്ന്. ശത്രുപക്ഷത്ത് നിലകൊള്ളുന്നവരുടെ കൈകളിലായിരുന്നു സമൂഹ നേതൃത്വവും അധികാരവും ഉണ്ടായിരുന്നത്. ഇത്തരമൊരു സന്ദർഭത്തിലാണ് അല്ലാഹു ഇപ്രകാരം അവർക്ക് നിർദേശം നൽകുന്നത്. "നിന്റെ റബ്ബിന്റെ മാർഗത്തിലേക്ക് നീ ജനങ്ങളെ യുക്തിപരമായും സദുപദേശത്തിലൂടെയും ക്ഷണിക്കുക. അവരുമായി മാന്യമായി സംവദിക്കുകയും ചെയ്യുക. മാർഗഭ്രംശം സംഭവിച്ചവനെപ്പറ്റി നിന്റെ നാഥൻ ഏറ്റവും അറിവുള്ളവൻ തന്നെ. നേർമാർഗം സിദ്ധിച്ചവരെക്കുറിച്ചും ഏറ്റം അറിവുള്ളവൻ അവനാകുന്നു" (*അന്നഹ്ൽ* 125).

ഇസ്‌ലാം മുഴുവൻ മനുഷ്യ സമൂഹത്തിന്റെയും സംസ്കരണവും വിജയവും രക്ഷയും ലക്ഷ്യം വെക്കുന്ന ദർശനമാണ്. സംവാദങ്ങളും ആശയ പ്രചാരണങ്ങളും നടത്തുമ്പോൾ അത് മാന്യവും ഉൽകൃഷ്ടവും ആയിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ചർച്ചകളും സംവാദങ്ങളും ജയിക്കാനും മറ്റുള്ളവരെ തോൽപിക്കാനുമുള്ളതാകരുത്. ധർമധിക്കാരികൾ, സത്യനിഷേധികൾ, മുശ്രിക്കുകൾ, ജൂത-ക്രൈസ്തവ വിഭാഗങ്ങൾ, യുക്തിവാദികൾ തുടങ്ങി ആരുമായും സംവദിക്കുമ്പോഴും അത് മാന്യവും മാതൃകാപരവുമാകേണ്ടതുണ്ട്. വേദക്കാരുമായി സംവാദത്തിലേർപ്പെടുമ്പോൾ നിലപാട് അവരുടേത് പോലെയാകരുതെന്നും ഇസ്‌ലാമിക സംസ്കാരത്തെ ഉയർത്തിപ്പിടിക്കുന്നതും ആദർശ അടിത്തറയിൽ ഊന്നിനിന്നുകൊണ്ടുള്ളതും ആയിരിക്കണമെന്ന് അല്ലാഹു പ്രവാചകനെ ഉണർത്തുന്നുണ്ട്. നമ്മുടെ വ്യക്തിത്വത്തിന്റെ വിശുദ്ധി നിലനിർത്തുന്നതും അല്ലാഹുവിന്റെ ദീനിന്റെ

ഔന്നത്യം ബോധ്യപ്പെടുത്തുന്നതുമായിരിക്കണം നമ്മുടെ സംവാദ വേദികൾ.

അല്ലാഹു പറയുന്നു: "വേദക്കാരോട് ഏറ്റവും മാന്യമായ രീതിയിലല്ലാതെ നിങ്ങൾ സംവദിക്കരുത്. അവരിലുള്ള അധർമകാരികളോടൊഴികെ. നിങ്ങൾ അവരോട് പറയുക. നിങ്ങളിലേക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങളിൽ അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെയും നിങ്ങളുടെയും ദൈവം ഒന്ന് തന്നെയാണ്. ഞങ്ങൾ അവന്ന് അനുസരണയുള്ളവരാണ്." (*അൽ അൻകബൂത്ത്* 46)

നബി(സ)യുടെ കാലത്ത് പ്രബോധിത സമൂഹത്തിന് ഉയർത്തിപിടിക്കാൻ ബുദ്ധിപരമായ തെളിവുകളൊന്നും തന്നെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ അക്രമ മാർഗങ്ങളാണ് പ്രതിരോധത്തിനായി അവർ സ്വീകരിച്ചിരുന്നത്. കൃത്യതയുള്ള തെളിവുകൾ കൈവശമുള്ളവർക്ക് കുതർക്കങ്ങളുടെയും അക്രമണത്തിന്റെയും ശൈലി ഒരിക്കലും സ്വീകരിക്കേണ്ടി വരില്ല. ഇത്തരമൊരവസ്ഥയിലാണ് അല്ലാഹു പ്രവാചകനോട് തന്റെ നിലപാടിൽ അടിയുറച്ച് നിൽക്കാനും ഇടർച്ചയില്ലാതെ മുന്നേറാനും ആവശ്യപ്പെടുന്നത്. അല്ലാഹുവിന്റെ ദീനിന് വിജയം ലഭ്യമാകാതെ പോയാൽപോലും ഇതേ നിലപാടിൽ തുടരാനാണ് അല്ലാഹുവിന്റെ കൽപന. പ്രതിസന്ധിഘട്ടങ്ങളിൽ ക്ഷമ കൈകൊള്ളാനും അല്ലാഹുവിന്റെ സംരക്ഷണത്തിലാണ് താനുള്ളതെന്ന ഉറച്ച ബോധ്യം സദാ നിലനിർത്താനും അല്ലാഹു ഓർമപ്പെടുത്തുന്നു. സമൂഹത്തിനിടയിൽ ജീവിച്ച് യുക്തിപൂർവം പ്രബോധന പ്രവർത്തനങ്ങൾ നിർവഹിക്കുകയാണ് വേണ്ടത്.

എതിർപ്പുകളും മർദന പീഡനങ്ങളും വർധിക്കുമ്പോൾ ക്ഷമ കൈക്കൊള്ളുന്നതും സഹനമവലംബിക്കുന്നതും മാന്യവും ഫലപ്രദവുമാണെന്നും അല്ലാഹു ഓർമപ്പെടുത്തുന്നു. പ്രതികാരം ചെയ്യാതിരിക്കുന്നത് ബലഹീനതയും കുറവുമല്ല. മറിച്ച്, വ്യക്തിത്വത്തിന്റെ ഔന്നത്യവും ഉൽകൃഷ്ടതയുമാണ് അതിലൂടെ പ്രകടമാകുന്നത്. അതുകൊണ്ട് നമ്മിൽ അർപിതമായ ഈ അടിസ്ഥാന ദൗത്യം അഭംഗുരം തുടരുകയും വ്യാപിപ്പിക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ. ■

തയാറാക്കിയത്: **അബൂ അഹ്സൻ വല്ലപ്പുഴ**